# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.300 09.05.2017 ൽ മറുപടിയ്ക്ക്

### സമാന്തര സർവ്വീസ് വാഹനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്നതിന് കാരണമായ സമാന്തര സർവ്വീസ് വാഹനങ്ങൾക്ക് തടയിടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഇത്തരം സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അടുത്ത കാലത്ത് ഇത്തരം വാഹനങ്ങൾക്കെതിരായി വലിയ തോതിൽ കെ.എസ്.ആർ.ടി.സി. അധികാരികളിൽ നിന്നും പരാതി ലഭിച്ചതിനെ തുടർന്ന് തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി എ.എം.വി.ഐ മാരുടെ സേവനം കെ.എസ്.ആർ.ടി.സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.<br>2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/-രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.<br>പാരലൽ സർവ്വീസ് ചെക്കിംഗ് ആവശ്യത്തിനായി സമീപ ജില്ലകളിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കുകയും സേനാബലത്തിനായി പോലീസ് സഹായത്താൽ ചെക്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.കൂടാതെ സമാന്തര സർവ്വീസ് |

| | | | |
|---|---|---|---|
| | | | കൂടുതലായുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുമുണ്ട്. |
| (ബി) | സമാന്തര സർവ്വീസ് വാഹനങ്ങളെ പിടികൂടുവാൻ പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി അധികാരികളുടെ ആവശ്യപ്രകാരം കെ.എസ്.ആർ.ടി.സി. പ്രത്യേകം രൂപീകരിച്ച സ്ക്വാഡിലേയ്ക്ക് വകുപ്പിലെ ഫീൽഡ് ജീവനക്കാരുടെ സേവനം വിട്ടു നൽകിയിട്ടുണ്ട്. ഈ സ്ക്വാഡിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും പരിശോധനാ മേഖലകൾ നിശ്ചയിക്കുന്നതും കെ.എസ്.ആർ.ടി.സി അധികാരികളാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെ പേരിലുള്ള സ്വകാര്യ ബസ്സുകളുടെയും, ക്യാരേജിന്റെയും വിശദാംശം വെളിപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ ലഭിച്ച പ്രതികരണം എന്തായിരുന്നു; എത്ര ജീവനക്കാർ വിശദാംശം വെളിപ്പെടുത്തി; | (സി) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെ പേരിലുള്ള സ്വകാര്യബസ്സുകളുടെയും ക്യാരേജിന്റെയും വിശദാംശം കെ.എസ്.ആർ.ടി.സി അധികാരികൾ ശേഖരിച്ച് വരികയാണ്. |
| (ഡി) | സംസ്ഥാന ദേശീയ പാതകളിലും, ദേശസാത്കൃത റൂട്ടിലും അനധികൃതമായി സർവ്വീസ് നടത്തുന്ന സമാന്തര സർവ്വീസുകൾ കർശനമായി തടയുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | ഇത്തരം അനധികൃത സർവ്വീസുകൾക്കെതിരെ മോട്ടോർവാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ